# സഭാ സെക്രട്ടറിയുടെ അറിയിപ്പുകൾ

**മലങ്കര മാർത്തോമ്മാ സുറിയാനി സഭ**

## മേല്പാടം ആറ്റുമാലിൽ ജോർജ്കുട്ടി മെറിറ്റ് അവാർഡ് സമർപ്പണ സമ്മേളനം

**2024 മേയ് 4 –ാം തീയതി ശനിയാഴ്ച 3. 30 പി. എം.**

**ഡോ. അലക്സാണ്ടർ മാർത്തോമ്മാ ആഡിറ്റോറിയം, തിരുവല്ല**

ശാസ്ത്ര - സാങ്കേതിക മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ച വച്ചിട്ടുള്ള പ്രതിഭകൾക്ക് മലങ്കര മാർത്തോമ്മാ സുറിയാനി സഭ നൽകുന്ന മേല്പാടം ആറ്റുമാലിൽ ജോർജ്കുട്ടി മെറിറ്റ് അവാർഡ് സമർപ്പണ സമ്മേളനം 2024 മേയ് 4 -ാം തീയതി ശനിയാഴ്ച 3.30 പി. എം. ന് തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ ആഡിറ്റോറിയത്തിൽ നടത്തപ്പെടുന്നതാണ്. അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്യും. അഭിവന്ദ്യ ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പാ അധ്യക്ഷത വഹിക്കും.

ഇന്ത്യൻ എയ്റോ സ്പെയ്സ് ടെക്നോളജീസ് ആൻഡ് ഇൻഡസ്ട്രീസ് സൊസൈറ്റിയുടെ പ്രസിഡന്റും ഹിന്ദുസ്ഥാൻ ഏയ്റോനോട്ടിക്സ് ലിമിറ്റഡിന്റെ മുൻ ചെയർമാനുമായ പത്മശ്രീ ഡോ. സി. ജി. കൃഷ്ണദാസ് നായർക്കാണ് ഈ വർഷത്തെ മെറിറ്റ് അവാർഡ് നൽകുന്നത്. യുവശാസ്ത്രജ്ഞർക്കുള്ള അവാർഡും വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും വിതരണം ചെയ്യുന്നതാണ്. ഈ സമ്മേളനത്തിലേക്ക് എല്ലാവരെയും ക്ഷണിക്കുന്നു.

## വെല്ലൂർ സി.എം.സി. പി.ജി. കോഴ്സ് സ്പോൺസറിംഗിന് അപേക്ഷിക്കാം.

വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ 2024 ലെ Post Graduate-Diploma, MD/MS കോഴ്സുകളിലേക്ക് മാർത്തോമ്മാ സഭാ സ്പോൺസറിംഗിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ മാർത്തോമ്മാ സഭാംഗവും, മാർത്തോമ്മാ മിഷൻ ഹോസ്പിറ്റലുകളിൽ 2 വർഷത്തെ പ്രവർത്തി പരിചയം ഉള്ളവരുമായിരിക്കണം. PG NEET പരീക്ഷ പാസ്സാകുന്നവരെയാണ് അഡ്മിഷനു പരിഗണിക്കുക. അപേക്ഷാ ഫോമുകൾ 2024 മെയ് മാസം 2-ാം തീയതി മുതൽ സഭാ ഓഫീസിൽ നിന്നും നേരിട്ട് ലഭിക്കുന്നതും, സഭയുടെ വെബ്സൈറ്റായ www.marthoma.in ൽ നിന്നും download ചെയ്യാവുന്നതുമാണ്. പൂരിപ്പിച്ച അപേക്ഷകൾ 2024 മെയ് മാസം 31-ാം തീയതി വെള്ളിയാഴ്ച 3.00 pm- ന് മുൻപ് **Sabha Secretary, Mar Thoma Sabha Office, Thiruvalla-1** എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. അഭിമുഖം 2024 ജൂൺ മാസം 14-ാം തീയതി രാവിലെ 11 മണിക്ക് തിരുവല്ല സഭാ ഓഫീസിൽ വച്ച് നടത്തപ്പെടും.

## INVITING QUOTATIONS FOR REDESIGN OF SABHA WEBSITE AND APPS

Quotations are invited for the redesign of the existing website and mobile applications of the Church. Interested parties may contact the Sabha Office for specifications and other details.

(E-mail: sabhaoffice@marthoma.in, Ph: 04692630449/2606080)

### ക്ലേർജി ട്രാൻസ്ഫർ ലിസ്റ്റ്

2024ലെ ക്ലേർജി ട്രാൻസ്ഫർ ലിസ്റ്റ് സഭയുടെ വെബ്സൈറ്റിൽ (www.marthoma.in) പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

### സഭാ ഭരണഘടന

സഭാ ഭരണഘടനയുടെ പരിഷ്ക്കരിച്ച പതിപ്പ് സഭാ ബുക്ക് ഡിപ്പോയിൽ ലഭ്യമാണ്.

തിരുവല്ല
01.05.2024.

**റവ. എബി റ്റി. മാമ്മൻ**
സഭാ സെക്രട്ടറി